# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **1606** — 06.03.2017 ലെ മറുപടിക്ക്

## അനധികൃത കെട്ടിടങ്ങൾക്ക് നമ്പർ നല്കി ക്രമവല്കരിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.സി.ജോർജ് : | ശ്രീ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) വിവിധ മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ, ഗ്രാമപഞ്ചായത്തുകൾ ഇവയുടെ പരിധിയിൽ വളരെ കൊല്ലങ്ങൾക്ക് മുമ്പ് അനധികൃത കൊമേഴ്സ്യൽ, വാസഗൃഹ നിർമ്മാണങ്ങൾ നടത്തിയിട്ടുള്ള ആളുകൾക്ക് നമ്പർ കിട്ടാത്തതിനാൽ കഷ്ടപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; 31.03.2013 വരെ നടത്തിയിട്ടുള്ളതും, നിശ്ചിത വ്യവസ്ഥകൾ/ നിബന്ധനകൾ പാലിക്കുന്നതുമായി അനധികൃതനിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിന് പരിഗണിക്കുന്നതിനായി നിശ്ചിത കാലാവധിക്കുള്ളിൽ അപേക്ഷകൾ സമർപ്പിക്കുന്നതിന് 2014 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണത്തിന്റെ ക്രമവൽക്കരണം) ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയതു പ്രകാരം ക്രമവൽക്കരിക്കപ്പെടാത്തതും, നിയമ വ്യവസ്ഥകൾ ലംഘിക്കുന്നതുമായ കെട്ടിട നിർമ്മാണങ്ങൾക്ക് കെട്ടിട നമ്പർ ലഭ്യമല്ലാത്തതായ സാഹചര്യം നിലവിലുള്ളതാണ്. എന്നാൽ കെട്ടിട നിർമ്മാണ ചട്ടങ്ങളും നിയമങ്ങളും ലംഘിക്കപ്പെടുന്ന 1500 സ്ക്വയർ ഫീറ്റ് വരെയുള്ള വ്യക്തിഗതവാസ ഗൃഹങ്ങൾക്ക് യു.എ നമ്പർ നൽകി നിയമ പ്രകാരമുള്ള സാക്ഷ്യപത്രം നൽകുന്നതിനും ഇപ്രകാരം നൽകുന്ന താല്ക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്, റേഷൻകാർഡ്, വൈദ്യുതി കണക്ഷൻ, കുടിവെള്ള കണക്ഷൻ, വോട്ടർപട്ടികയിൽ പേരു ചേർക്കൽ എന്നീ സേവനങ്ങൾക്കു വേണ്ടി മാത്രം ഉപയോഗിക്കേണ്ടതാണെന്നും വസ്തു നികുതി ഈടാക്കുന്നതിനും നഗരസഭകൾക്ക് അധികാരം നൽകിക്കൊണ്ട് 16.11.2016 ലെ സ.ഉ.(എം.എസ്)170/2016/തസ്വഭവ നമ്പർ പ്രകാരം ഉത്തരവായിട്ടുള്ളതാണ്. |

(തുടർച്ച.......2)

| | |
|---|---|
| (ബി) അനധികൃതമായി നിർമ്മിച്ച ഈ കെട്ടിടങ്ങൾക്ക് ന്യായമായ പിഴ ഈടാക്കി ഇത് ക്രമവല്കരിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) നടപടി സ്വീകരിക്കാവുന്നതാണ്. |
| (സി) പ്രസ്തുത നടപടിയിലൂടെ അനേകം കോടി രൂപ സർക്കാരിന്റെ ഖജനാവിലേയ്ക്ക് എത്തുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ഉണ്ട്. |
| (ഡി) പ്രസ്തുത കാര്യത്തിലേയ്ക്ക് നാളിതുവരെ എന്തെങ്കിലും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കുമോ; കോപ്പി ലഭ്യമാക്കുമോ? | (ഡി) 2014 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണത്തിന്റെ ക്രമവൽക്കരണം) ചട്ടങ്ങൾ നിലവിലുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ